**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5898** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കരിമണൽ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അളവിൽ കരിമണൽ നിക്ഷേപം ഉണ്ടെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് എനർജി മന്ത്രാലയത്തിലെ അറ്റോമിക് ഡയറക്ടറേറ്റ് ഫോർ മിനറൽസ് എക്സ്പ്ലൊറേഷൻ ആൻഡ് റിസർച്ച് ആണ്. മേൽ സ്ഥാപനം പഠനം നടത്തി 6 ബ്ലോക്കുകൾ തുടർ നടപടിക്കായി മൈനിംഗ് & ജിയോളജി വകുപ്പിന് നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച 6 ബ്ലോക്കുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കൊല്ലം ആലപ്പുഴ ജില്ലകളിലായി ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ ഐആർഇ ബ്ലോക്ക് IV (3 കി. മീ)<br><br>2. കൊല്ലം ജില്ലയിലെ നോർത്തേൺ സെക്ടർ (പുതുപ്പള്ളി -കരുനാഗപ്പള്ളി) ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ ( ഫേസ്-11) (9.2 കി.മീ)<br><br>3. കൊല്ലം ജില്ലയിലെ സൗത്തേൺ സെക്ടർ (കരുനാഗപ്പള്ളി - അഷ്ടമുടി ലേക്ക്) ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ (ഫേസ്-11) (12.5 കി.മീ.)<br><br>4. ആലപ്പുഴ ജില്ലയിലെ കായംകുളം ബാർ ആറാട്ടുപുഴ ( 10.2 കി.മീ)<br><br>5. കൊല്ലം ജില്ലയിലെ ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ ബ്ലോക്ക് ഐ.ആർ.ഇ-III<br><br>(ചെറിയഴിക്കൽ -കരുനാഗപ്പള്ളി) 1.50 കി.മീ.<br><br>6. കൊല്ലം ജില്ലയിലെ ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ കെ.എം.എം.എൽ ബ്ലോക്ക് IV 4.80 കി. മീ. |
| (ബി) | കരിമണൽ റോ മെറ്റീരിയലായി പ്രവർത്തിക്കുന്ന എത്ര കമ്പനികളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; | (ബി) | ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് ചവറ, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് ചവറ എന്നീ |

| | | | |
|---|---|---|---|
| | അവയുടെ പേര് വിവരങ്ങളും ഓരോ വർഷവും ഓരോ കമ്പനിയും ഉപയോഗപ്പെടുത്തുന്ന കരിമണലിന്റെ അളവും വ്യക്തമാക്കാമോ; | | പൊതു മേഖലാ സ്ഥാപനങ്ങൾ ആണ് കരിമണൽ റോ മെറ്റീരിയലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. അവയിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് 2021-22 സാമ്പത്തിക വർഷത്തിൽ 5,89,090 ടണ്ണും 2022-23 സാമ്പത്തിക വർഷത്തിൽ 5,23,603 ടണ്ണും 2023-24 സാമ്പത്തിക വർഷത്തിൽ 7,78,878 മെട്രിക് ടണ്ണും റോ മെറ്റിരിയൽ ആണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന് പ്രതിവർഷം ആവശ്യമായി വരുന്ന കരിമണൽ ഏകദേശം 4,42,000 മെട്രിക് ടൺ ആണ്. |
| (സി) | നിലവിലുള്ള കരിമണൽ സ്റ്റോക്ക് വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക നേട്ടത്തിന് സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കരിമണലിൽ നിന്നും ഉപോൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള മിനറൽ ഡെവലപ്മെന്റ് കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായ Pearlescent Pigment പ്ലാന്റ്, Zirconium Carbonate പ്ലാന്റ് എന്നിവയുടെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.എം.എം.എൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ